**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 11

# വാർത്താക്കുറിപ്പ്

## ജാഗ്രതാ സമിതികളെക്കുറിച്ച് ശിൽപ്പശാല കുമളിയിൽ; മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്യും

സംസ്ഥാന വനിതാ കമ്മീഷൻ രൂപം നൽകിയ ജാഗ്രതാ സമിതികളുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായ ശിൽപ്പശാല നവംബർ 17 ന് ഇടുക്കി ജില്ലയിലെ കുമളി വൈ.എം.സി.എ കോൺഫറൻസ് ഹാളിൽ ആരംഭിക്കും.

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനും(ഐ.യു.സി.എസ്.എസ്.ആർ.ഇ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) സംയുക്തമായാണ് 'ജാഗ്രതാ സമിതി: അറിവും അനുഭവങ്ങളും' എന്ന പേരിൽ പരിപാടി സംഘടിപ്പിക്കുന്നത്. 17ന് വൈകുന്നേരം അഞ്ചിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം നിർവഹിക്കും.

മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.
കില ഡയറക്ടർ ജോയി ഇളമൺ മുഖ്യ പ്രഭാഷണം നിർവഹിക്കും.

ഡീൻ കുര്യാക്കോസ് എം.പി, വാഴൂർ സോമൻ എം.എൽ.എ, ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജിജി. കെ ഫിലിപ്പ്, സർവകലാശാലാ സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, അഴുത ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം. നൗഷാദ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ.എം. ഉഷ, കുമളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഷാജിമോൻ, മുൻ പഞ്ചായത്ത് പ്രസിഡന്റ് എം.എസ് വാസു, ഐ.യു.സി.എസ്.എസ്ആർ.ഇ ഡയറക്ടർ ഡോ. കെ.എം. സീതി എന്നിവർ സംസാരിക്കും.

ഐ.യു.സി.എസ്.എസ്ആർ.ഇ തയ്യാറാക്കിയ ക്ലീൻ കുമളി ഗ്രീൻ കുമളി പദ്ധതി റിപ്പോർട്ട് മന്ത്രി പ്രകാശനം ചെയ്യും.

നവംബർ 18ന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സി.ഇ.ഒ മദൻ മോഹൻ ആമുഖ പ്രഭാഷണം നടത്തും. ഡോ. കെ.പി.എൻ. അമൃത അധ്യക്ഷത വഹിക്കും. ഡോ. പി.എം. ആരതി, എം.എസ്. വാസു, എലിസബത്ത് ഏബ്രഹാം, രാധാമണി, അഡ്വ. സി.എസ്. കല എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും.

ജാഗ്രതാസമിതി ഫലപ്രദമായി പ്രവർത്തിച്ച കുമളി പഞ്ചായത്തിലെ അനുഭവങ്ങൾ പരിപാടിയിൽ വിശദമാക്കും. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ളവർ പങ്കെടുക്കും.

(പി.ആർ.ഒ./39/1610/2022)

## വൈവ വോസി

ഈ വർഷം ഓഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ പരീക്ഷയുടെ സപ്ലിമെൻററി വിദ്യാർഥികൾക്കുള്ള വൈവ വോസി പരീക്ഷകൾ നവംബർ 16ന് അങ്കമാലി, ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻറ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1611/2022)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് സൗണ്ട് എൻജിനീയറിംഗ് (2020 അഡ്മിഷൻ റഗുലർ, 2019,2018 അഡ്മിഷൻ റീ-അപ്പിയറൻസ്,ഇംപ്രൂവ്മെൻറ് - സെപ്റ്റംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 15 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1612/2022)

## ഇന്റേണൽ റീ-ഡു; അപേക്ഷ തീയതി നീട്ടി

ബി.ആർക്ക് കോഴ്സിൻറെ ഇൻറേണൽ അസ്സസ്മെൻറ് റീ-ഡുവിന് നവംബർ 23 വരെ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1613/2022)

## പരീക്ഷാഫലം

ഈ വർഷം ഏപ്രിൽ നടത്തിയ മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (റഗുലർ, സപ്ലിമെന്ററി) എം.എസ്.സി. സൈബർ ഫോറൻസിക്, എം.എസ്.സി. ബയോഇൻഫോർമാറ്റിക്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 25 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

........................................

ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്, 2017 അഡ്മിഷൻ റഗുലർ - ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം നവംബർ 25 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

...............................................

ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്, 2017 അഡ്മിഷൻ റഗുലർ - ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം നവംബർ 26 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

.....................................................

ഈ വർഷം മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.സി.എ. (2019 അഡ്മിഷൻ റഗുലർ, 2018,2017 അഡ്മിഷനുകൾ സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2014 മുതൽ 2016 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം നവംബർ 25 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1614/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**